**ഭരണഭാഷ -മാതൃ ഭാഷ**

**എസ് (1)/08/2023/ കെ എസ് എസ് സി**

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ
SASA ബിൽഡിങ്, കൈമനം
തിരുവനന്തപുരം-18 .
**തീയതി : 20/02/2023**
email : statisticalcommission@gmail.com

**ക്വട്ടേഷൻ നോട്ടീസ്**

കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ഓഫീസ് പ്രവർത്തനം 01.11.2021 മുതൽ ആരംഭിക്കുകയും നിലവിൽ കൈമനത്തുള്ള SASA ബിൽഡിംഗിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കമ്മീഷന്റെ ആവശ്യത്തിലേക്കായി ചുവടെ പറയുന്ന തരത്തിലുള്ള വാഹനങ്ങൾ (ഡ്രൈവർ ഉൾപ്പെടെ ) വാടകയ്ക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ/അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| 1.വാഹനം | സ്വിഫ്റ്റ് ഡിസൈർ / ടാറ്റ Tigor -1 എണ്ണം |
| മോഡൽ | 2021 or 2022 |
| സീറ്റിങ് കപ്പാസിറ്റി | 5 |
| കാലാവധി | ഒരു വർഷം |
| ഓടേണ്ട പ്രതിമാസ കിലോ മീറ്റർ | 1000 |

| | |
|---|---|
| 2.വാഹനം | ഇന്നോവ ക്രിസ്റ്റ -1 എണ്ണം |
| മോഡൽ | 2021 or 2022 |
| സീറ്റിങ് കപ്പാസിറ്റി | 6+1 (ബക്കറ്റ് സീറ്റിങ് ) |
| കാലാവധി | ഒരു വർഷം |
| ഓടേണ്ട പ്രതിമാസ കിലോ മീറ്റർ | 1000 |

**താഴെ കാണിച്ചിരിക്കുന്ന മാതൃകയിൽ ക്വട്ടേഷൻ നല്കേണ്ടതാണ്**

| Model | Rate/1000 K.M/ Month (Rs.) | Rate of Additional K.M(Rs./K.M) | Registration No.of the Vehicle | Odometer Reading as on date |
|---|---|---|---|---|
| With Driver | | | | |

**നിബന്ധനകൾ**

1. കമ്മീഷന്റെ ഓഫീസിൽ നിന്നും വാഹന വാടക മാത്രം നല്കുന്നതാണ്.
2. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ ആർ . സി . ബുക്ക് , ഇൻഷ്വറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ഒടുക്കിയ രേഖ, പോലൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും ആകെ ഓടിയ കിലോമീറ്ററും ക്വട്ടേഷനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

3. ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെയുള്ള യാത്രകൾക്ക് വാഹനം ഉപയോഗിക്കേണ്ടതുണ്ട്.
4. ക്വട്ടേഷൻ നടപടിക്രമങ്ങളിൽ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.
5. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കൈമനത്തുള്ള SASA ബിൽഡിംഗിലെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഓഫീസിൽ നിന്നും പ്രവർത്തിദിനങ്ങളിൽ ലഭ്യമാണ്.
6. 1000 കിലോമീറ്ററിന് മുകളിൽ ഒരു മാസം ഓടുന്നപക്ഷം ഓരോ കിലോമീറ്ററിനും ഉള്ള നിരക്കും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

ക്വട്ടേഷനുകൾ 08/03/2023 തീയതി വൈകിട്ട് 3.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകീട്ട് 3.30 ന് കമ്മീഷൻ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും, വാഹനങ്ങൾ രജിസ്റ്റർ ചെയ്ത വർഷം, വാഹനം ഇതുവരെ ഓടിയിട്ടുള്ള കിലോമീറ്റർ, ക്വാട്ട് ചെയ്തിരിക്കുന്ന തുക എന്നിവയുടെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയോ മറ്റ് തടസ്സങ്ങളോ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ക്വട്ടേഷൻ അടങ്ങിയ കവറിനു മുകളിൽ 'Quotation for Hiring Vehicle' എന്ന മേലെഴുത്ത് ഉണ്ടാവണം. അവരവരുടെ സ്വന്തം ലെറ്റർ ഹെഡുകളിൽ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്. അനുവദിച്ചിരിക്കുന്ന സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ നല്കിയവർക്കോ അവരുടെ പ്രതിനിധികൾക്കോ ക്വട്ടേഷൻ തുറക്കുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

**ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം : സെക്രട്ടറി,**

**കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ,**

**SASA ബിൽഡിങ്, കൈമനം, തിരുവനന്തപുരം-18**

സെക്രട്ടറി

കെ എസ് എസ് സി

പകർപ്പ്

SASA ബിൽഡിംഗിലെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ നോട്ടീസ് ബോർഡ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് നോട്ടീസ് ബോർഡ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് വെബ് സൈറ്റ്